**പതിമൂന്നാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.385. 08.02.2016 ൽ മറുപടിയ്ക്ക്.**

## വാഹനങ്ങളിലെ തീവ്രത കൂടിയ ഹോൺ ഉപയോഗം

| ചോദ്യം<br>ശ്രീ. വി.എം.ഉമ്മർ മാസ്റ്റർ | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | വാഹനങ്ങളിൽ തീവ്രത കൂടിയ ഹോൺ/ എയർഹോൺ ഉപയോഗിക്കുന്നത് നിയമം മൂലം തടഞ്ഞിട്ടുണ്ടോ; എങ്കിൽ നിയമ ലംഘനം കണ്ടെത്തുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാന മെന്തെല്ലാമാണ്; | (എ) | തടഞ്ഞിട്ടുണ്ട്. നിലവിൽ ഫീൽഡ് ചെക്കിംഗിലൂടെയാണ് ഇത്തരത്തിലുള്ള നിയമലംഘനം കണ്ടെത്തുന്നത്. കൂടാതെ രജിസട്രേഷൻ, ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് എന്നിവയ്ക്ക് വാഹനം ഹാജരാക്കുമ്പോഴും വാഹനത്തിൽ എയർ ഹോൺ അല്ല ഉപയോഗിക്കുന്നത് എന്ന് ഉറപ്പ് വരുത്താറുണ്ട്. |
| (ബി) | നിയമലംഘകർക്ക് നൽകുന്ന പിഴ ശിക്ഷ എത്രയാണ് ; | (ബി) | 1988 ലെ മോട്ടോർവാഹന നിയമത്തിലെ വകുപ്പ് 190(2) പ്രകാരം 1000 രൂപയാണ് പിഴയിനത്തിൽ നിയമലംഘകരിൽ നിന്നും ഈടാക്കുന്നത്. |
| (സി) | നിസ്സാരമായ പിഴ ശിക്ഷ, കുറ്റം ആവർത്തിക്കുന്നതിന് പ്രേരണ നൽകുന്നുവെന്ന വസ്തുത ഗൗരവമായി കാണുന്നുണ്ടോ; എങ്കിൽ ഇതിന് പരിഹാരമായി സ്വീകരിക്കാനു ദ്ദേശിക്കുന്ന നടപടികൾ അറിയിക്കുമോ; | (സി) | ഉണ്ട്. പിഴശിക്ഷ വർദ്ധിപ്പിക്കുന്ന തിനുള്ള അധികാരം കേന്ദ്രസർക്കാരിൽ മാത്രം നിക്ഷിപ്തമാണ്. പ്രസ്തുത കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടു വരുന്നതിനായി കത്തെഴുതിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | സർക്കാർ വാഹനങ്ങളിൽ നിയമത്തിനനുസൃതമായ ഹോണുകൾ ഉപയോഗിച്ച് മാതൃകയാകുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.